സംസ്ഥാനത്തിന് പുറത്തെ ആശുപത്രികളിൽ വിദഗ്ദ്ധ ചികിത്സക്ക് പോകുന്ന മാരകരോഗികളായ കുഞ്ഞുങ്ങൾക്ക് താലോലം പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രത്യേക സാഹചര്യങ്ങളിൽ അവരെ പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വ്യവസ്ഥയില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

അനാഥരും അശരണരുമായ വൃദ്ധജനങ്ങളുടെ ചികിത്സക്കും ശുശ്രൂഷക്കും ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

10(2100) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാഥരും അശരണരുമായ വൃദ്ധജനങ്ങളുടെ ചികിത്സക്കുവേണ്ടി ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ആശുപത്രികൾക്ക് പ്രസ്തുത ആവശ്യത്തിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കൂട്ടിരിപ്പിന് ഇത്തരം രോഗികൾക്ക് ആളില്ലാതിരിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ കൂടുതൽ ജീവനക്കാരെ ഇത്തരം വാർഡുകളിൽ നിയോഗിക്കാറുണ്ടോ ;

(ഡി) ഇത്തരക്കാർക്കുള്ള വാർഡുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ് ; തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളെ ഉൾപ്പെടുത്തി അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വിധവകളുടെ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

11(2101) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിധവകളുടെ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിധവകളുടെ പുനർവിവാഹത്തിന് ഇതിനകം എത്രപേർക്ക് ധന സഹായം നൽകിയിട്ടുണ്ട്; വിധവകളുടെ ശാക്തീകരണത്തിനും പുനരധിവാസത്തിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുമോ ?

ഉത്തരം

(എ&ബി) വിധവകളുടെ പുനർ വിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി മംഗല്യ എന്ന പേരിൽ ഒരു ധനസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക്താഴെയുള്ള 18 വയസ്സിനും 50 വയസ്സിനുമിടയിൽ പ്രായമുള്ള പുനർ വിവാഹം ചെയ്ത വിധവകൾക്ക് പുനരധിവാസത്തിന്റെ ഭാഗമായി 25.000 രൂപ അനുവദിച്ചുവരുന്നു. 2008-09 സാമ്പത്തിക വർഷം 101 പേർക്കും 2009-10 സാമ്പത്തിക വർഷം 306 പേർക്കും ടി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) വിധവകളുടെ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യക്ഷേമ വകുപ്പിന്റെ നെറ്റ് വർക്കിലൂടെ പ്രചാരണ പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചാരണ പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ പത്രമാദ്ധ്യമങ്ങളിലൂടെ ആവശ്യമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വരുമാന പരിധി നിശ്ചയിക്കാതെ വികലാംഗ പെൻഷൻ അനുവദിക്കാൻ നടപടി

12(2105) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 60 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർക്ക് വരുമാനപരിധി കണക്കാക്കാതെ തന്നെ വികലാംഗ പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ, ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല

(ബി) ബാധകമല്ല.

വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ്

13(2107) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വികലാംഗരുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly